വ്യയസ്സനികരണപദ്ധതി

*സ ര സ (ഒ൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

വ്യയസ്സനികരണപദ്ധതിയുടെ പ്രവ൪ത്തനം എത്രത്തോളമായി; പൊതുവെ ശമ്പളം ഇനത്തിലും പെൻഷ്യൻ ഇനത്തിലും എത്ര ശതമാനം കുറവുവരുത്താൻ കഴിഞ്ഞിട്ടുണ്ട്?

ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ:) ൪,സ൭,൦൦൦ രൂപാ വ്യയസ്സനികരണംമൂലം കുറവുവരുത്താൻ ഇടയായിട്ടുണ്ട്. പൊതുവെ ശമ്പളത്തിൽ ഒരു ശതമാനവും പെൻഷൻ ഇനത്തിൽ ഒരു ശതമാനവും കുറവുവന്നിട്ടുണ്ട്.

കൊച്ചി തുറമുഖത്തിലെ ആദായം

*സ ര ര. (ഒ സ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചി തുറമുഖത്തിന്റെ ആദായത്തിൽനിന്നും നമുക്കു കഴിഞ്ഞ വ൪ഷം എന്തുദായം കിട്ടി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ): സ്സുലക്ഷം രൂപാ.

ശ്രീ. ഇട്ടീര അയ്യുക്കൻ. ഈ തുറമുഖത്തിന്റെ പണിക്കുവേണ്ടി കൊച്ചി ഗവണ്മെണ്ടിൽനിന്നും ഒരു വലിയ സംഖ്യ ചിലവാക്കിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൻ: ഉണ്ട്.

ശ്രീ. ഇട്ടീര അയ്യുക്കൻ: ആ സംഖ്യയെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെണ്ടിൽനിന്നും കൊച്ചി ഗവണ്മെണ്ടിനു ചില ഉറപ്പുകളും നൽകിയിട്ടുണ്ടായിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൻ: അതിൽനിന്നുണ്ടാകുന്ന ലാഭത്തെ സംബന്ധിച്ച് ചില ഉറപ്പുകളും നൽകിയിട്ടുണ്ടായിരുന്നു. സാമ്പത്തികസംയോജനം നടപ്പിലാക്കിയപ്പോൾ ആ ഉറപ്പുകളും അനുസരിച്ച് വേണ്ട വ്യവസ്ഥകളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇട്ടീര അയ്യുക്കൻ: അതിനെ സംബന്ധിച്ച റിക്കാർഡുകളും ഇപ്പോൾ ആരുടെ കൈവശമാണ്?

ശ്രീ. എ ജെ ജാൻ: ഗവണ്മെണ്ടിന്റെ കയ്യിലിരിക്കേണ്ട റിക്കാർഡുകളും എല്ലാം ഗവണ്മെണ്ടിന്റെ കൈവശമുണ്ട്.

ഫാമിലി പെൻഷൻ

*സ ര ങ. (ഒ ഭ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര കുടുംബങ്ങൾക്ക് ഫാമിലി പെൻഷൻ അനുവദിച്ചിട്ടുണ്ട്; എത്ര സംഖ്യ;

(ബി) അവ ഏതേതു ഡിസ്ട്രിക്ടിൽ എത്രവീതം;

LIBRARY ARCHIVES Kerala Legislative Assembly